**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 666** **29.01.2019-ൽ മറുപടിക്ക്**

## ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ലോക വിനോദ സഞ്ചാര മേഖലയിലെ സാന്നിദ്ധ്യമാക്കി മാറ്റുവാൻ ഉതകുന്ന ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | എ) സംസ്ഥാനത്തെ ലോക വിനോദ സഞ്ചാരമേഖലയിലെ സാന്നിദ്ധ്യമാക്കി മാറ്റുവാൻ ചുവടെ ചേർക്കുന്ന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.<br>• വിദേശരാജ്യങ്ങളിൽ കൂടുതൽ റോഡ്ഷോകൾ സംഘടിപ്പിക്കലും അന്താരാഷ്ട്ര ടൂറിസം ട്രേഡ് ഫെയറുകളിലെ സാന്നിധ്യവും.<br>• ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം<br>• നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചാരണങ്ങൾ.<br>• കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോൽസാഹനവും പ്രചാരണവും.<br>• കേരള ബ്ലോഗ് എക്സ്പ്രസ്സ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ.<br>• കൂടുതൽ അന്തർദ്ദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലഭ്യമാക്കൽ. |

- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകരും തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയ പ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ.

| | |
|---|---|
| ബി) കിഫ്ബിയുടെ ധനസഹായ ത്തോടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്ന തിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി യിട്ടുണ്ടോ; കിഫ്ബിയിൽ നിന്നും ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് സഹായമാണ് അനുവദിച്ചിട്ടുള്ളത്; | ബി) കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസ്റ്റ് കേന്ദ്ര ങ്ങളെ വികസിപ്പിക്കുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ വകുപ്പ് നിലവിൽ 6 പ്രൊപ്പോസലുകൾ കിഫ്ബിയുടെ അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. കോഴിക്കോട് എസ്.ഐ.എച്ച്.എം. ക്യാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം.<br>2. മുഴപ്പിലങ്ങാട് ത്രീസ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം.<br>3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം.<br>4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.<br>5. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്.<br>6. റജുവനേഷൻ ഓഫ് ആക്കുളം ലേക്ക്<br>**<u>അനുവദിച്ച പദ്ധതികൾ</u>**<br>1. മുഴപ്പിലങ്ങാട് ത്രീസ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണത്തിന് - 39.42 കോടി രൂപ.<br>2. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ടിന്റെ ആദ്യഘട്ടത്തിനായി 17.19 കോടി രൂപ |
| സി) ഉത്തരവാദിത്ത മിഷൻ രൂപീകരിച്ചതിന്റെ അടിസ്ഥാന | സി) ഉത്തരവാദിത്ത മിഷൻ രൂപീകരിക്കുന്നതിന് മുൻപും രൂപീകരിച്ചതിന് ശേഷവുമുള്ള പുരോഗതി സംബന്ധിച്ച |

| | | | |
|---|---|---|---|
| | ത്തിൽ ഉത്തരവാദിത്ത ടൂറിസത്തിൽ ഉണ്ടായിട്ടുള്ള ഉണർവ് വ്യക്തമാക്കുമോ; | | വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| ഡി) | ടൂറിസ്റ്റ് സെന്ററുകളുടെ വികസനത്തിനായി നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ഡി) | സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | ഹൗസ് ബോട്ട്, ആയുർവേദ സെന്റർ, ഹോം സ്റ്റേകൾ തുടങ്ങിയ സർവ്വീസ് മേഖല കളിൽ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | ഇ) | നിലവിൽ വിനോദസഞ്ചാര വകുപ്പ് ഹൗസ് ബോട്ട്, ആയുർവേദ സെന്റർ, ഹോംസ്റ്റേകൾ തുടങ്ങിയ സർവീസ് മേഖലകളിൽ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്നതിന് മുൻപും രൂപീകരിച്ചതിന് ശേഷവുമുള്ള പുരോഗതി സംബന്ധിച്ച വിവരം.**

| Particulars | Before RT Mission (Approx. Numbers) 2008 January – 2017 July | After RT Mission Particulars 2017 August – 2018 December |
|---|---|---|
| RT Units | 197 | 13547 |
| Direct Beneficiaries | 843 | 27470 |
| Indirect Beneficiaries | 529 | 44661 |
| Beneficiaries of various trainings | 1280 | 3220 |
| Experiential Tour Packages | 7 | 40 |
| Total number of Tourist visited | | 38000 |
| Income generated | 12 crores | 6.70 crores |

സെക്ഷൻ ഓഫീസർ